# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2821 19.12.2012-ൽ മറുപടിയ്ക്ക്

## കടലോളം ഓണം പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി. സത്യൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം ഡി. റ്റി. പി . സി. ഇക്കഴിഞ്ഞ ഓണത്തിന് ശംഖുമുഖത്ത് 'കടലോളം ഓണം' എന്നൊരു പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരിപാടിയുടെ മേൽനോട്ടം ഡി.റ്റി.പി..സി.യ്ക്ക് നേരിട്ടായിരുന്നോ , അതോ മറ്റേതെങ്കിലും ഏജൻസിക്ക് ആയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) 2012-ലെ ഓണാഘോഷത്തോടനുബന്ധിച്ച് ശംഖുമുഖത്ത് "കടലോളം ഓണം" എന്ന കാർണിവൽ ഡിറ്റിപി.സി സംഘടിപ്പിച്ചിരുന്നു. കാർണിവലിനോടനുബന്ധിച്ചുള്ള കലാപരിപാടികൾ ഡിറ്റിപിസി സംഘടിപ്പിച്ചു. കാർണിവലിനോടനുബന്ധിച്ചുള്ള പ്രദർശനമേള നയാഗ്ര ഈവന്റ്സ് എന്ന ഏജൻസിയാണ് സംഘടിപ്പിച്ചത്. |
| (ബി) "കടലോളം ഓണം" പരിപാടിക്കായി ഡി.റ്റി.പി.സി.യും സർക്കാരും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും എത്ര രൂപ ലാഭം ഉണ്ടായെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) പരിപാടിയ്ക്കായി 8,10,873/- രൂപ ചെലവഴിക്കുകയുണ്ടായി. സർക്കാർ ഓണാഘോഷത്തിനായി അനുവദിച്ച 5,70,000/- രൂപ ഉൾപ്പെടെ ആകെ 9,15,000/- രൂപ ഡിറ്റിപിസിയ്ക്ക് ലഭിച്ചു. |
| (സി) പ്രസ്തുത പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയ്ക്ക് എത്ര രൂപ വിനോദനികുതിയായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ; | (സി) കാർണിവലിനോടനുബന്ധിച്ചുള്ള കലാപരിപാടികൾ മാത്രമാണ് ഡിറ്റിപിസി സംഘടിപ്പിച്ചത്. ആയതിനാൽ നഗരസഭയ്ക്ക് ഡിറ്റിപിസി വിനോദനികുതി നൽകിയിട്ടില്ല. |

(ഡി) പ്രസ്തുത പരിപാടി സംഘടിപ്പിക്കാൻ തീരുമാനമെടുത്ത ഉദ്യോഗസ്ഥൻ ആരാണ് ; വ്യക്തമാക്കാമോ ?

(ഡി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തത്.

സെക്ഷൻ ഓഫീസർ